# MADHYAMAM

**Kerala Blog Express: To consider Indian bloggers this time**

**Date :** 9.3.2020 **| Edition : Kochi | Page :** 9 **| Clip size (cm) : W:** 9 **H:** 13

---

### കേരള ബ്ലോഗ് എക്സ്പ്രസ്

## ഇത്തവണ പരിഗണിക്കുക ഇന്ത്യൻ ബ്ലോഗർമാരെ

- ബ്ലോഗ് എക്സ്പ്രസ് ലക്ഷ്യം ടൂറിസത്തിന് പ്രചാരണം നൽകൽ

**മലപ്പുറം:** ടൂറിസംവകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കേരള ബ്ലോഗ് എക്സ്പ്രസിൽ ഇത്തവണ ഇന്ത്യയിൽനിന്നുള്ള ബ്ലോഗർമാർ. കേരളത്തിലേക്ക് വരുന്ന വിനോദസഞ്ചാരികളിൽ കൂടുതൽപേരും ആഭ്യന്തര സഞ്ചാരികളാണെന്നതിനാലാണ് ഈവർഷം ഇന്ത്യൻ ബ്ലോഗർമാരെ പരിഗണിക്കാൻ തീരുമാനിച്ചത്. മാർച്ചിൽ ആദ്യമായി ബ്ലോഗ് എക്സ്പ്രസ് ഇന്ത്യൻ എഡിഷൻ നടത്താനാണ് ടൂറിസംവകുപ്പ് തീരുമാനം.

കഴിഞ്ഞ 10 വർഷമായി ബ്ലോഗ് എക്സ്പ്രസ് പദ്ധതി ടൂറിസംവകുപ്പ് മുഖേന നടത്തുന്നുണ്ട്. വകുപ്പ് 30 രാജ്യങ്ങളിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലേക്ക് കൊണ്ടുവരുകയും അവർക്ക് കേരള ടൂറിസത്തിന്റെ ഒരു ബ്രാൻഡഡ് ബസിൽ 15 ദിവസം സംസ്ഥാനത്തുടനീളം സഞ്ചരിക്കാൻ അവസരമൊരുക്കുന്നതുമാണ് പദ്ധതി. കേരള ടൂറിസത്തിന് പ്രചാരണം നൽകുകയെന്നതാണ് ലക്ഷ്യം.

കേരളത്തിലേക്ക് വരുന്ന സഞ്ചാരികളിൽ 60 ശതമാനത്തിന് മുകളിൽ ആഭ്യന്തര വിനോദ സഞ്ചരികളാണെന്ന ടൂറിസം സംരംഭകരുടെ അഭിപ്രായം പരിഗണിച്ചാണ് ഇന്ത്യയിലെ മികച്ച ബ്ലോഗർമാരെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചത്.

ഈവർഷത്തെ ബ്ലോഗർമാരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ ടൂറിസംവകുപ്പ് ആരംഭിച്ചിട്ടുണ്ട്. ബ്ലോഗ് എക്സ്പ്രസ് വെബ്സൈറ്റ് മുഖേനയാണ് ഇവരെ തെരഞ്ഞെടുക്കുക. ബ്ലോഗർമാരുടെ സമൂഹമാധ്യമ ഇടപെടൽ പരിഗണിച്ചാണ് പദ്ധതിയുടെ ഭാഗമാക്കുക.